**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1197** **30-08-2022 - ൽ മറുപടിയ്ക്ക്**

**പി.ഡബ്ല്യൂ.ഡി. റോഡുകളുടെ അറ്റകുറ്റപ്പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആകെ എത്ര കിലോമീറ്റർ പി.ഡബ്ല്യൂ.ഡി. റോഡുകൾ ഉണ്ട്; ഇവയുടെ അറ്റകുറ്റപ്പണി നടത്തുന്നത് സംബന്ധിച്ച് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന് കീഴിൽ 29522 കി.മീ. റോഡുകളാണുള്ളത്. ഈ റോഡുകളുടെ അറ്റകുറ്റപ്പണികൾ നിരത്ത് വിഭാഗം, നിരത്ത് പരിപാലന വിഭാഗം എന്നിവ മുഖേന നടപ്പിലാക്കി വരുന്നു. ബാധ്യതാ കാലയളവിൽ അല്ലാത്ത റോഡുകളിൽ കേടുപാടുകൾ വന്നാൽ കാലതാമസം കൂടാതെ അറ്റകുറ്റപ്പണികൾ നടത്തുവാൻ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം 12332 കി.മീ. റോഡുകൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മഴക്കാലപൂർവ്വ പ്രവൃത്തിയിലൂടെയും അറ്റകുറ്റപ്പണികൾ ക്രമീകരിക്കുന്നുണ്ട്. 9210 കി.മീ. റോഡ് ഇതിലൂടെ പരിപാലിക്കപ്പെടുന്നു.<br><br>പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനു കീഴിലുള്ള ദേശീയപാതയുടെ നീളം 548 കി.മീ. ആണ്. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾക്ക് കേടുപാടു പറ്റുന്നത് യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ആയതിന് താല്കാലിക പരിഹാരമായി Ordinary Repair (OR) ലും Flood Damage Repair (FDR) ലും തുക കേന്ദ്രം നൽകുകയും ചെയ്യാറുണ്ട്.ഇതു കൂടാതെ ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അനുമതി ലഭിക്കാറുണ്ട്. |
| (ബി) | പി.ഡബ്ല്യൂ.ഡി. റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി നടപ്പ് സാമ്പത്തിക വർഷം | (ബി) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു നടപ്പ് സാമ്പത്തിക വർഷത്തിൽ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾക്കായി 302.28 കോടി രൂപ |

| | | | |
|---|---|---|---|
| | എത്ര തുക അനുവദിച്ചിട്ടുണ്ട്; നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വെളിപ്പെടുത്തുമോ? | | ചെലവഴിക്കുകയാണ്. കൂടാതെ പ്രീ.മൺസൂൺ പ്രവൃത്തികൾക്കായി 12.75 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതോടൊപ്പം കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളിൽ 50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനു നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അനുവദിച്ച വിഹിതത്തിൽ നിന്നും 19 പ്രവൃത്തികൾക്കായി 1,37,65,423 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>പ്രവൃത്തികളുടെ ബിൽ ലഭിക്കുന്ന മുറയ്ക്കാണ് തുക ചെലവഴിക്കുന്നത് നടപ്പിൽ വരിക. |

സെക്ഷൻ ഓഫീസർ